LIBRARY ARCHIVES Kerala Legislative Assembly

പെരുനാട് സബ് സ്റ്റേഷൻ നിർമ്മാണം

133 (3935) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി-പെരുന്നയിൽ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എന്തു തീരുമാനമെടുത്തിട്ടുണ്ട് ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് അറ്റംവരെ എത്തി എന്ന് വിശദമാക്കാമോ ;

(സി) നിർമ്മാണം പൂർത്തിയാക്കി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ; ഇത് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1998-ൽ.

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ കോൺട്രാക്ട് കമ്പനി മെസേഴ്സ് എം.ആർ.എം. ലിമിറ്റഡ് പണി തുടങ്ങിവച്ചശേഷം ഉപേക്ഷിച്ചുപോയിരിക്കുകയാണ്. ലൈൻ വലിക്കുന്നതിനെതിരായി നിരവധി കേസ്സുകൾ നിലനിൽക്കുകയാണ്.

(സി) 2003-04 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേസ്സുകൾ തീർക്കുവാൻ വേണ്ട പരിശ്രമം നടക്കുന്നു. കോൺട്രാക്ടർ പണി പൂർത്തിയാക്കാൻ തയ്യാറായിവന്നിട്ടുണ്ട്.

മുറിച്ചു മാറ്റിയ ഫലവൃക്ഷങ്ങൾക്ക് നഷ്ടപരിഹാരം

134 (3936) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വെട്ടിമാറ്റിയ ഫലവൃക്ഷങ്ങൾക്ക് സ്ഥലമുടമകൾക്ക് നഷ്ടപരിഹാരമായി എത്ര തുകയാണ് നല്കേണ്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം എത്ര തുക വീതമാണ് നല്കേണ്ടത് എന്ന് അറിയിക്കാമോ ;

(ബി) ഈ പ്രവൃത്തിക്കായി വൃക്ഷങ്ങൾ മുറിച്ച് മാറ്റിയിട്ട് എത്ര കാലമായെന്നും നഷ്ടപരിഹാരം നല്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും അറിയിക്കാമോ ;

(സി) സ്ഥലമുടമകൾക്ക് നഷ്ടപരിഹാരത്തുക ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇനി എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളതെന്നും അവ എന്നത്തേക്ക് പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നഷ്ടപരിഹാരമായി നല്കേണ്ട തുക കണക്കാക്കിക്കൊണ്ടിരിക്കുന്നു.

(ബി) 2001 ആഗസ്റ്റ് മാസത്തിലാണ് പ്രസ്തുത പ്രവൃത്തിക്കായി വൃക്ഷങ്ങൾ മുറിച്ചത്. കാസർഗോഡ് ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും മരങ്ങളുടെ വില ലഭിക്കാൻ കാലതാമസം നേരിട്ടതിനാലാണ് നഷ്ടപരിഹാര തുക കണക്കാക്കാൻ താമസിച്ചത്.

(സി) ആകെ 54 പേരുടെ മുറിച്ച മരങ്ങളുടെ എണ്ണവും, വിലയും കണക്കാക്കിവരുന്നു. മുൻഗണനാക്രമപ്രകാരം മുൻപേ പാസ്സായി വരുന്ന തുക കൊടുത്തു കഴിഞ്ഞാൽ ഇവരുടെ തുകയും കൊടുത്ത് തീർക്കുന്നതാണ്.

വെച്ചൂച്ചിറ, പെരിനാട്, ഗവി എന്നിവിടങ്ങളിൽ സെക്ഷൻ ഓഫീസാരംഭിക്കാൻ നടപടി

135 (3937) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ ഉപഭോക്താക്കൾ എത്ര കിലോമീറ്റർ സഞ്ചരിച്ചാണ് തൊട്ടടുത്ത സെക്ഷൻ ഓഫീസിലെത്തുന്നത് ;

(ബി) ഗവി പ്രദേശത്തെ ജനങ്ങൾ എത്ര കിലോമീറ്റർ സഞ്ചരിച്ചാണ് തങ്ങളുടെ സെക്ഷൻ ഓഫീസിലെത്തുന്നത് ;

(സി) പെരിനാട് പഞ്ചായത്തിലെ ളാഹ, പമ്പയടക്കമുള്ള ഭൂരിപക്ഷം പ്രദേശങ്ങളിൽ നിന്നും ഇവരുടെ സെക്ഷനാഫീസിൽ എത്താനുള്ള ദൂരമെത്ര എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സാഹചര്യങ്ങൾ പരിശോധിച്ച് വെച്ചൂച്ചിറ, പെരിനാട്, ഗവി എന്നിവിടങ്ങളിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 കി. മീ. ദൂരം സഞ്ചരിച്ചാണ് വടശ്ശേരിക്കരയിലുള്ള സെക്ഷൻ ഓഫീസിലെത്തുന്നത്.

(ബി) 36 കി. മീ. സഞ്ചരിച്ചാണ് വണ്ടിപ്പെരിയാർ സെക്ഷൻ ഓഫീസിൽ എത്തുന്നത്.

(സി) ളാഹയിൽ നിന്നും വടശ്ശേരിക്കര സെക്ഷനാഫീസിലേയ്ക്ക് 16 കി. മീറ്ററും പമ്പയിൽ നിന്ന് 60 കി. മീറ്ററും ദൂരമുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതിബോർഡിൽ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ

136 (3938) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ ഭാഗികമായി പുനഃസ്ഥാപിച്ച സാഹചര്യത്തിൽ വൈദ്യുതി ബോർഡിൽ വെട്ടിക്കുറച്ച എന്തൊല്ലാം ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് നല്കിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly